**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 717 **09.08.2017**-ലെ മറുപടിക്ക്

കണ്ണൂരിലെ പട്ടികജാതി കോളനി നവീകരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 സാമ്പത്തിക വർഷം പട്ടികജാതി കോളനി നവീകരണ പദ്ധതിയിൽ (അംബേദ്ക്കർ ഗ്രാമം) കണ്ണൂർ ജില്ലയിലെ ഏതെല്ലാം കോളനികൾക്കാണ് ഫണ്ട് അനുവദിച്ചത്; | (എ) | 2016-17 സാമ്പത്തിക വർഷം അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി മണ്ഡലത്തിലെ പുഞ്ചവയൽ പട്ടികജാതി കോളനി (കണ്ണപുരം), കണ്ണൂർ മണ്ഡലത്തിലെ അവേരകോളനി, വലിയന്നൂർ കോളനി, ധർമ്മടം മണ്ഡലത്തിലെ അംബേദ്കർ കോളനി എന്നീ പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചത്. |
| (ബി) | പയ്യന്നൂർ മണ്ഡലത്തിലെ എം.എൽ.എ. നിർദ്ദേശിച്ച കോളനിക്ക് ഫണ്ട് അനുവദിക്കാതിരുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | പയ്യന്നൂർ മണ്ഡലത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ട കോളനികളുടെ പരിശോധന നടന്നു വരികയാണ്. നിർവ്വഹണ ഏജൻസിയെ ഏൽപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്? | (സി) | ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിർമ്മിതി കേന്ദ്രത്തിന് എന്തെങ്കിലും പരിമിതിയുള്ള പക്ഷം മറ്റു അംഗീകൃത സർക്കാർ ഏജൻസികളെയും നിർവ്വഹണ ചുമതല ഏല്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ